# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 82 08.06.2015-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കെ.നാരായണൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. ബി.ഡി.ദേവസ്സി**<br>**ശ്രീ. എസ്.രാജേന്ദ്രൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ സർക്കാർ കാര്യാലയങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അതിന്റെ ഗുണഫലം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ ? | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും, ഓരോ പ്രദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്ന സേവനങ്ങൾ (നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ) ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ |

ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ നിശ്ചിതസമയപരിധിക്കകം സേവനങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. സേവനാവകാശം നടപ്പിലാക്കിയതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി) നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഭരണ വകുപ്പുകൾ, പ്രതിമാസം പത്രികയായി, നിശ്ചയിക്കപ്പെട്ട ദിവസം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് സമാഹൃത റിപ്പോർട്ട് യഥാസമയം ലഭ്യമാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) യും (സി) യും സേവനാവകാശ നിയമപ്രകാരം ഓരോ വകുപ്പും/സ്ഥാപനവും നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണ് എന്ന് 28.06.2014-ലെ 16203/എ.ആർ.12(1) / 2013/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി സമാഹൃത റിപ്പോർട്ട് ലഭിക്കാറില്ല. 2015 ഏപ്രിൽ മാസത്തെ റിപ്പോർട്ടുപ്രകാരം ഇതോടൊപ്പം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്ന വകുപ്പുകൾ സമാഹൃതറിപ്പോർട്ട് നൽകിയിട്ടുണ്ട്. സേവനാവകാശ നിയമം ബാധകമാക്കിയിട്ടുള്ള വകുപ്പുകളിൽ ടി മാസത്തിൽ സമാഹൃതറിപ്പോർട്ട് ലഭ്യമാക്കി

യിട്ടില്ലാത്ത വകുപ്പുകളുടെ ലിസ്റ്റ് അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.

(ഡി) നിയമാനുസരണമുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് ഐ.എം.ജി., സർക്കാരിൽ യഥാസമയം ലഭ്യമാക്കി യിട്ടുണ്ടോ ; വിശദമാക്കുമോ ?

(ഡി) 2015 മേയ് മാസത്തോടുകൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യമായിരിക്കുമെന്ന് ഐ.എം.ജി ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി. യുടെ സഹകരണത്തോടുകൂടി ഐ.എം.ജി ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം - എ</u>

<u>2015 ഏപ്രിൽ മാസത്തെ റിപ്പോർട്ടുപ്രകാരം സമാഹൃതറിപ്പോർട്ട്</u>

<u>നൽകിയിട്ടുള്ള വകുപ്പുകൾ</u>

സ്റ്റോർസ് പർച്ചേസ് വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

സാംസ്കാരികകാര്യ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

വനവും വന്യജീവിയും വകുപ്പ്

മത്സ്യബന്ധനതുറമുഖ വകുപ്പ്

വിജിലൻസ് വകുപ്പ്

നികുതി വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സെക്ഷൻ ഓഫീസർ

# അനുബന്ധം - ബി

## 2015 ഏപ്രിൽ മാസത്തെ റിപ്പോർട്ടുപ്രകാരം സമാഹൃതറിപ്പോർട്ട് നൽകിയിട്ടില്ലാത്ത വകുപ്പുകൾ

കൃഷി വകുപ്പ്

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്

പിന്നാക്കസമുദായ ക്ഷേമ വകുപ്പ്

ഉപഭോക്തൃകാര്യ വകുപ്പ്

സഹകരണ വകുപ്പ്

പരിസ്ഥിതി വകുപ്പ്

ധനകാര്യ വകുപ്പ്

ഭക്ഷ്യപൊതുവിതരണ വകുപ്പ്

പൊതുഭരണ വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

ഉന്നതവിദ്യാഭ്യാസ വകുപ്പ്

ആഭ്യന്തര വകുപ്പ്

ഭവന നിർമ്മാണ വകുപ്പ്

വ്യവസായ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

വിവര സാങ്കേതിക വിദ്യ വകുപ്പ്

തൊഴിലും പുനരധിവാസവും

പാർലമെന്ററി കാര്യവകുപ്പ്

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്

ഊർജ്ജ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

റവന്യൂ വകുപ്പ്

സാമൂഹ്യനീതി വകുപ്പ്

ഗതാഗത വകുപ്പ്

വിനോദസഞ്ചാര വകുപ്പ്

ജലവിഭവ വകുപ്പ്

നോർക്ക വകുപ്പ്

സെക്ഷൻ ഓഫീസർ